**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 122** — **02.03.2020 ൽ മറുപടിക്ക്**

## കേരള പോലീസ് വാങ്ങിയ ഭാരത് സ്റ്റേജ്-4 എഞ്ചിൻ വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) 2020 ഏപ്രിൽ ഒന്നു മുതൽ രാജ്യത്ത് ഭാരത് സ്റ്റേജ് 4 (ബി.എസ് 4) എഞ്ചിൻ സീരിസിൽപ്പെട്ട വാഹനങ്ങൾ വിൽക്കാൻ പാടില്ലെന്ന് സുപ്രീംകോടതി നിർദ്ദേശമുണ്ടായിരുന്നോ; | എ) ഉണ്ട്. |
| ബി) ഈ സാഹചര്യത്തിൽ സംസ്ഥാന പോലീസ് കഴിഞ്ഞ ജനുവരിയിൽ ബി.എസ്-4 എഞ്ചിൻ സീരിസിൽപ്പെട്ട 202 പുതിയ ബൊലീറോ എസ്.യു.വി.കൾ വാങ്ങുകയുണ്ടായോ; എങ്കിൽ ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് അറിയിക്കാമോ; | ബി) സ്റ്റേറ്റ് പ്ലാൻ സ്കീം 2019-2020 പ്രകാരം പോലീസ് സ്റ്റേഷനുകൾക്ക് ലൈറ്റ് മോട്ടോർ വാഹനങ്ങൾ വാങ്ങുന്നതിന് അനുവദിച്ച തുക ഉപയോഗിച്ച് 2019 ഡിസംബർ, 2020 ജനുവരി മാസക്കാലയളവിന് ഇടയിൽ 214 ബൊലേറോ പവർ പ്ലസ് 2WD BS IV വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിനായി 14,62,14,432/- രൂപ ചെലവായിട്ടുണ്ട്. |
| സി) കോടതി വിധിയുടെ വെളിച്ചത്തിൽ, ബി.എസ്-4 സീരിസിൽ പുറത്തിറങ്ങിയ വാഹനങ്ങൾ വിൽക്കാൻ കഴിയാതെ കോടിക്കണക്കിന് രൂപ നഷ്ടപ്പെടും എന്ന സാഹചര്യത്തിൽ പ്രസ്തുത കമ്പനി ഈ വാഹനങ്ങൾ കേരള പോലീസിന്റെ തലയിൽ കെട്ടി വയ്ക്കുകയായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;<br>ഡി) ഈ ഇടപാടിനെ പോലീസിലെ തന്നെ ഒരു വിഭാഗം അന്ന് ശക്തമായി എതിർത്തിരുന്നു എന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ എന്നിട്ടും വാഹനങ്ങൾ വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ? | സി) യും ഡി) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വാഹനങ്ങൾ ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടൽ വഴി 25.11.2019ന് നൽകിയ സപ്ലൈ ഓർഡർ പ്രകാരമാണ് വാങ്ങിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ